# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 389 — 28.11.2018-ൽ മറുപടിക്ക്

## ചരിത്ര സ്മാരകം ഏറ്റെടുക്കൽ

**ചോദ്യം**
ശ്രീ.ജോൺ ഫെർണാണ്ടസ്

**ഉത്തരം**
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ചരിത്ര സ്മാരകമായ മട്ടാഞ്ചേരിയിലെ കറുത്ത ജൂതപ്പള്ളിയും സ്ഥലവും ഏറ്റെടുക്കുന്നതിനായി പുരാവസ്തു വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ; | (എ) & (ബി) | പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള എറണാകുളം ജില്ലയിലെ മട്ടാഞ്ചേരിയിലെ കറുത്ത ജൂതപ്പള്ളിയും അനുബന്ധ സ്ഥലവും വില നൽകി ഏറ്റെടുക്കുന്നതിനായി 20.06.2018 ലെ സ.ഉ.(സാധാ) നം.401/2018/സാം.കാ.വ. നമ്പർ ഉത്തരവ് പ്രകാരം 91.45 ലക്ഷം രൂപ വിനിയോഗിക്കുന്നതിന് പുരാവസ്തു വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകുകയും, ആയതിന്റെ അടിസ്ഥാനത്തിൽ ടി സ്മാരകവുമായി ബന്ധപ്പെട്ട ബാധ്യതകൾ തീർത്ത് ടി സ്ഥലം കൈമാറുന്നതിനായി തുക എറണാകുളം ജില്ലാ കളക്ടറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുള്ളതുമാണ്. ഏറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്തുന്നതിനായി എറണാകുളം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഇതിനായി സാംസ്കാരിക വകുപ്പ് തുക അനുവദിച്ചിട്ടുണ്ടോ ; | | |
| (സി) | അനുവദിച്ച തുക എത്രയെന്നും പ്രസ്തുത ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കാമോ? | (സി) | 20.06.2018 ലെ സ.ഉ.(സാധാ) നം.401/2018/സാംകാവ നമ്പർ ഉത്തരവ് പ്രകാരം 91.45 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# കേരള സർക്കാർ

## സംഗ്രഹം

സാംസ്കാരിക കാര്യ വകുപ്പ് - എറണാകുളം ജില്ലയിലെ മട്ടാഞ്ചേരി വില്ലേജിലെ സർവ്വെ 601/3 ൽ നിലവിലുള്ള കറുത്ത ജൂതപ്പള്ളിയും ടി സ്മാരകത്തോടു ചേർന്നുള്ള 3.51 ആർ വിസ്തൃതിയുള്ള സ്ഥലവും വില നൽകി ഏറ്റെടുക്കുന്നതിന് പുരാവസ്തുവകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ബഹു.കേരള ഹൈക്കോടതിയുടെ W.P.(C) No.13059/15 നമ്പർ കേസിലെ വിധിന്യായം - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## സാംസ്കാരിക കാര്യ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.401/2018/സാം.കാ.വ. തീയതി, തിരുവനന്തപുരം, 20.06.2018

പരാമർശം :- 1. ബഹു.ഹൈക്കോടതിയുടെ 7.04.2016 ലെ W.P.(C) No.13059/15 നമ്പർ കേസിലെ വിധിന്യായം

2. ശ്രീമതി റജീന.കെ.ജെ യുടെ 22.04.2015 ലെ അപേക്ഷ

3. പുരാവസ്തുവകുപ്പ് ഡയറക്ടറുടെ 23.04.2016, 06.03.2017 എന്നീ തീയതികളിലെ ബി8/5611/15/DA നമ്പർ കത്തുകൾ

4. എറണാകുളം ജില്ലാ കളക്ടറുടെ 1.03.2017 ലെ C8-65587/16 നമ്പർ കത്ത്

## ഉത്തരവ്

പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായി 30.01.2016 ലെ സ.ഉ.(സാധാ) 37/16/സാം.കാ.വ നമ്പർ ഉത്തരവ് പ്രകാരം പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള മട്ടാഞ്ചേരി കറുത്ത ജൂതപ്പള്ളിയും അനുബന്ധ സ്ഥലവും മതിയായ വിലനൽകി സർക്കാർ ഏറ്റെടുക്കുന്നതിനായി ശ്രീമതി റെജീന സമർപ്പിച്ച അപേക്ഷ (Ext. p10) പരിഗണിയ്ക്കണമെന്ന് അഭ്യർത്ഥിച്ച് ടിയാൾ ബഹു.കേരള ഹൈക്കോടതിയിൽ സമർപ്പിച്ച W.P.(C) No.13059/15 നമ്പർ ഹർജിയിൽ പരാമർശം (1) ലെ വിധിന്യായം പ്രകാരം ശ്രീമതി. റെജീനയുടെ അപേക്ഷ പരിശോധിച്ച് ഉത്തരവ് കൈപ്പറ്റി രണ്ടുമാസത്തിനകം തീർപ്പ കൽപ്പിക്കുവാൻ രണ്ടാം എതിർ കക്ഷിയായ പുരാവസ്തുവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു.

മട്ടാഞ്ചേരി ജൂത ദേവാലയം പുരാവസ്തു വകുപ്പ് പൊന്നും വിലനൽകി ഏറ്റെടുത്ത് സംരക്ഷിക്കണമെന്നും ജീർണാവസ്ഥയിലായ ടി സ്മാരകം സംരക്ഷിച്ച നിലനിർത്തുന്നത് വകുപ്പിന് ഒരു മുതൽ കൂട്ടാകുമെന്നും, എന്നാൽ ടി സ്മാരകം സ്ഥിതി ചെയ്യുന്ന സ്ഥലം പഞ്ചാബ് നാഷണൽ ബാങ്കിൽ പണയപ്പെടുത്തിയിട്ടുള്ളതായും 01.11.2015 വരെ പലിശ സഹിതം 34,19,950/-രൂപ തിരിച്ചടക്കേണ്ടതുള്ളതായും പരാമർശം (3) പ്രകാരം പുരാവസ്തുവകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

എറണാകുളം ജില്ലയിലെ കൊച്ചി താലൂക്കിലെ മട്ടാഞ്ചേരിവില്ലേജിൽ തണ്ടപ്പേർ നമ്പർ P.2173 കീഴാഞ്ജലിയിൽ തര്യൻ ഭാര്യ റജീനയുടെ ഉടമസ്ഥതയിലുള്ള സർവ്വെ 601/3 ൽ ഉൾപ്പെട്ട 3.51 ആർ വിസ്തീർണ്ണമുള്ള സ്ഥലവും ടി സ്ഥലത്ത് സ്ഥിതിചെയ്യുന്ന ജൂതപ്പള്ളി ഉൾപ്പെടെ ആകെ 91,44,116/- (തൊണ്ണൂറ്റി ഒന്ന് ലക്ഷത്തി നാല്പത്തി നാലായിരത്തി നൂറ്റി പതിനാറ്) രൂപ വില

നിശ്ചയിച്ചുകൊണ്ട് എറണാകുളം ജില്ലാ കളക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ സ്ഥലവുമായി ബന്ധപ്പെട്ട് പഞ്ചാബ് നാഷണൽ ബാങ്കിൽ ഉൾപ്പെട്ട ബാധ്യത കൂടാതെ കൊച്ചി മുൻസിഫ് കോടതി O.S 301/14 (I A 138T/14) പ്രകാരം ജപ്തി ഉത്തരവ് നിലനിൽക്കുന്നതായും പരാമർശം (4) പ്രകാരം എറണാകുളം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. എറണാകുളം ജില്ലയിലെ മട്ടാഞ്ചേരി വില്ലേജിലെ സർവ്വെ 601/3 ൽ നിലവിലുള്ള കറുത്ത ജൂതപ്പള്ളിയും ടി സ്മാരകത്തോടു ചേർന്നുള്ള 3.51 ആർ വിസ്തൃതിയുള്ള സ്ഥലവും വില നൽകി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി 2205-00-103-89 ബിൽഡിംഗ്സ് (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും 91.45 ലക്ഷം രൂപ വിനിയോഗിക്കുന്നതിന് പുരാവസ്തുവകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പരാമർശ സ്മാരകം സ്ഥിതിചെയ്യുന്ന സ്ഥലവുമായി ബന്ധപ്പെട്ട് ബാധ്യതകൾ നിലനിൽക്കുന്ന സാഹചര്യത്തിൽ പുരാവസ്തുവകുപ്പ് ഡയറക്ടർ 91.45 ലക്ഷം രൂപ എറണാകുളം ജില്ലാ കളക്ടർക്ക് കൈമാറേണ്ടതും ജില്ലാ കളക്ടർ ടി സ്ഥലവുമായി ബന്ധപ്പെട്ട സാമ്പത്തിക ബാധ്യതകൾ തീർത്ത് പുരാവസ്തുവകുപ്പ് ഡയറക്ടറുടെ പേരിൽ ടി സ്ഥലം കൈമാറുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കൂടാതെ കറുത്ത ജൂതപ്പള്ളിയും അനുബന്ധസ്ഥലവും പുരാവസ്തുവകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നതിനായി അന്തിമവിജ്ഞാപനത്തിന്റെ കരട് പുരാവസ്തുവകുപ്പ് ഡയറക്ടർ സമർപ്പിക്കേണ്ടതാണ്.

ഇപ്രകാരം ബഹു : ഹൈക്കോടതിയുടെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**ഡോ. വേണു. വി**

**പ്രിൻസിപ്പൽ സെക്രട്ടറി**

ശ്രീമതി. കെ. ജെ. റജീന W/O കെ.റ്റി. തര്യൻ, ജവഹർ ലോഡ്ജ്, തോപ്പുംപടി കൊച്ചി-682005
മേരി ഹേമാ തര്യൻ, D/O കെ.റ്റി. തര്യൻ, ജവഹർ ലോഡ്ജ്, തോപ്പുംപടി കൊച്ചി-682005
ഡയറക്ടർ, പുരാവസ്തു വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, എറണാകുളം.
അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് ( Edn.C3/104/17/Fin. തീയതി.24.05.2018)
ജില്ലാട്രഷറി ഓഫീസർ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**